പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 559 — 26.04. 2017 ൽ മറുപടിക്ക്

## വൈദ്യുതിചാർജ്ജ് കുടിശ്ശിക പിരിച്ചെടുക്കുവാൻ നടപടി

ചോദ്യം

ശ്രീ.പി.കെ.ശശി.

ഉത്തരം

ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) കെ.എസ്.ഇ.ബിയ്ക്ക് വൈദ്യുതിചാർജ്ജ് ഇനത്തിൽ എത്ര തുക പിരിഞ്ഞു കിട്ടാനുണ്ട്; | (എ) 31.12.2016-ൽ അവസാനിക്കുന്ന ത്രൈമാസ കണക്കുപ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനു 2044.78 കോടി രൂപ (പലിശ ഉൾപ്പെടുത്താതെ) കുടിശ്ശിക ഉണ്ട്. ത്രൈമാസ കണക്കുകളായാണ് കുടിശ്ശിക തുക ക്രോഡീകരിക്കപ്പെടുന്നത്. 31.03.2017 വരെയുള്ള കണക്കുകൾ തയ്യാറാക്കി വരുന്നതേയുള്ളു. |
| (ബി) ഇവയിൽ പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൽ, വാട്ടർ അതോറിറ്റി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വകാര്യ വ്യവസായ മേഖല, ഫ്ലാറ്റുകൾ, വ്യക്തികൾ തുടങ്ങി ഓരോ വിഭാഗങ്ങളിൽ നിന്നും പിരിഞ്ഞു കിട്ടാനുള്ള വൈദ്യുതി ചാർജ്ജ് എത്രയെന്ന് ഇനം തിരിച്ച് വിശദമാക്കാമോ; | (ബി) 2016 ഡിസംബർ 31 വരെയുള്ള ത്രൈമാസ കണക്കു പ്രകാരം വിവിധ സ്ഥാപനങ്ങൾ അടയ്ക്കേണ്ട കുടിശ്ശിക തുക താഴെ പറയും പ്രകാരമാണ്. |

| | | |
|---|---|---|
| 1 | പൊതുമേഖലാ സ്ഥാപനങ്ങൾ | 241.57 കോടി രൂപ |
| 2 | സർക്കാർ സ്ഥാപനങ്ങൾ | 135.50 കോടി രൂപ |
| 3 | വാട്ടർ അതോറിറ്റി | 935.56 കോടി രൂപ |
| 4 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | 5.50 കോടി രൂപ |
| 5 | സ്വകാര്യവ്യവസായ മേഖലയും, ഫ്ലാറ്റുകൾ, വ്യക്തികൾ തുടങ്ങിയവ ഉൾപെടുത്തിയിട്ടുള്ള പ്രൈവറ്റ് ഉപഭോക്താക്കൾ | 469.06 കോടി രൂപ |

| ചോദ്യം | ഉത്തരം |
|---|---|
| (സി) ഇവരിൽ നിന്നും പ്രസ്തുത വൈദ്യുതിചാർജ്ജ് പിരിച്ചെടുക്കുവാൻ എന്തു നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കുമോ? | (സി) സപ്ലൈ കോഡ് 2014-ൽ പരാമർശിച്ചിട്ടുള്ള സമയപരിധി അനുസരിച്ച് കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കൽ, കണക്ഷൻ അഴിച്ചുമാറ്റൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. അതിനു ശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും കുടിശ്ശിക |

| | |
|---|---|
| | വസൂലാക്കാറുണ്ട്. ഇതിൽ നിന്നും വസൂലാക്കാൻ കഴിയാത്ത തുക റവന്യൂ റിക്കവറി നടപടികൾക്കായി നൽകാറുണ്ട്. കൂടാതെ ദീർഘകാല കടിശ്ശികയുള്ള ഉപഭോക്താക്കളിൽ നിന്നും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി കടിശ്ശിക ഈടാക്കുന്നതിനുള്ള നടപടിയും ആവിഷ്കരിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ